# വനം പരിസ്ഥിതി മന്ത്രാലയം
# ഇന്ത്യ ഗവൺമെന്റ്

**നിർദിഷ്ട തീരനിയന്ത്രണ മേഖലാ (സി.ആർ.സെഡ്) ഭേദഗതികൾ 2010**

**ആമുഖം**

തീരനിയന്ത്രണമേഖലാ വിജ്ഞാപനം 2010 പുറപ്പെടുവിക്കാൻ വനം പരിസ്ഥിതി മന്ത്രാലയം നിശ്ചയിച്ചിരിക്കുന്നു. ചുവടെ പറയുന്ന നടപടിക്രമവും സമയ പരിധിയുമായിരിക്കും ഇതിനായി പിന്തുടരുക.

- തീരനിയന്ത്രണമേഖല (സി.ആർ.സെഡ്) 2010 എന്നു പേരായ ഒരു ചർച്ചാരേഖ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. നിർദിഷ്ട വിജ്ഞാപനത്തിന്റെ രൂപരേഖയാണിത്. നിലവിലുള്ള തീരനിയന്ത്രണമേഖലാ വിജ്ഞാപനം 2010-ൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന പുതിയ ഘടകങ്ങൾ സംബന്ധമായ സവിശേഷ കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.
- നിർദിഷ്ട തീരനിയന്ത്രണമേഖല (സി.ആർ.സെഡ്) 2010 ഒന്നാം കരടുമായി മേൽപ്പറഞ്ഞ ചർച്ചാരേഖ ബന്ധപ്പെടുത്തിയിരിക്കുന്നു.
- ഈ ചർച്ചാരേഖയുടെ നിർദിഷ്ട (സി.ആർ.സെഡ്) 2010 ഒന്നാം കരട് മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ (www.envfor.nic.in) ലഭ്യമാണ്.
- മേൽപ്പറഞ്ഞ ചർച്ചാരേഖകളും (സി.ആർ.സെഡ്) 2010 ഒന്നാം കരടു സംബന്ധമായ അഭിപ്രായ നിർദേശങ്ങൾ 2010 മെയ് 30-നു മുമ്പ് സമർപ്പിക്കാനായി നിർദേശിച്ചിരിക്കുന്നു.
- മേൽപ്പറഞ്ഞ ചർച്ചാരേഖയുടെയും (സി.ആർ.സെഡ്) 2010 ഒന്നാം കരടിന്റെയും ഹിന്ദി പതിപ്പും പ്രാദേശികഭാഷകളായ ഗുജറാത്തി, മറാത്തി, കന്നഡ, മലയാളം, തെലുങ്ക്, തമിഴ്, ഒറിയ, ബംഗാളി എന്നിവയിലുള്ള പതിപ്പുകളും മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.
- മേൽപ്പറഞ്ഞ ചർച്ചാരേഖയും (സി.ആർ.സെഡ്) 2010 ഒന്നാം കരടു സംബന്ധമായ അഭിപ്രായ നിർദേശങ്ങൾ ലഭിച്ചശേഷം അവയുടെ വെളിച്ചത്തിൽ മന്ത്രാലയം സി.ആർ.സെഡ് വിജ്ഞാപനം 2010-ന്റെ കരടുരൂപം തയാറാക്കുന്നതും അതിന് നിയമ മന്ത്രാലയത്തിൽ നിന്ന് നിയമപരമായ പരിശോധന നടത്തുന്നതുമാണ്.
- അതിനുശേഷം പരിസ്ഥിതി (സംരക്ഷണ) നിയമം 1986 പ്രകാരം സി.ആർ.സെഡ് വിജ്ഞാപനം 2010 കരടു രൂപം പുറത്തിറക്കുന്നതും ആ തീയതിക്ക് അറുപതു ദിവസത്തിനുള്ളിൽ ആയതു സംബന്ധമായ അഭിപ്രായ നിർദേശങ്ങൾ പൊതുജനങ്ങളിൽ നിന്നു സ്വീകരിക്കുന്നതുമാണ്.
- പൊതുജനങ്ങളിൽ നിന്നു ലഭിക്കുന്ന അഭിപ്രായ നിർദേശങ്ങളുടെ വെളിച്ചത്തിൽ സി.ആർ.സെഡ് വിജ്ഞാപനം 2010 കരടിന് അന്തിമരൂപം നൽകുന്നതാണ്.

### തീരനിയന്ത്രണമേഖല 2010 ചർച്ചാരേഖ

7500 കിലോമീറ്റർ ദൈർഘ്യമുള്ള ഇന്ത്യയുടെ തീരമേഖലയിലാണ് ജനസംഖ്യയിലെ ഏകദേശം 25 ശതമാനം അധിവസിക്കുന്നത്. ഇവരിൽ ഏറെക്കുറേ മുഴുവൻ പേരും തീരരേഖയുടെ അമ്പതു കിലോമീറ്ററിനുള്ളിൽ കഴിഞ്ഞു കൂടുന്നവരാണ്. തങ്ങളുടെ ഉപജീവന മാർഗത്തിനായി കടലിനെ ആശ്രയിക്കുന്ന 10 ദശലക്ഷം മൽസ്യത്തൊഴിലാളികളും ഈ ജനസംഖ്യയുടെ ഭാഗമാണ്.

തീരമേഖലാ പരിസ്ഥിതിയുടെ പ്രാധാന്യവും വികസന പ്രവർത്തനങ്ങളുടെ സമ്മർദത്തിൽ നിന്ന് തീരമേഖലാ പാരിസ്ഥിതിക വ്യവസ്ഥയെ സംരക്ഷിക്കുന്നതും കണക്കിലെടുത്ത് പരിസ്ഥിതി (സംരക്ഷണം) 1986 നിയമത്തിൻ കീഴിൽ തീരനിയന്ത്രണമേഖല സി.ആർ.സെഡ് വിജ്ഞാപനം 1991 മന്ത്രാലയത്തിൽ നിന്നു പുറത്തിറക്കുകയുണ്ടായി.

ഇപ്പോഴും നിലവിലുള്ളത് ഈ വിജ്ഞാപനമാണ്. തീരപ്രദേശത്തിന്റെ അഞ്ഞൂറു മീറ്റർ പരിധിക്കുള്ളിലും വേലിയറ്റയിറക്ക സ്വാധീനത്തിൽ വരുന്ന ജലാശയങ്ങളുടെ നൂറുമീറ്റർ പരിധിക്കുള്ളിലും ഭൂമിയുടെ വിനിയോഗം നിയന്ത്രിതവും സംരക്ഷിതവുമാക്കാൻ ഈ വിജ്ഞാപനം ലക്ഷ്യമിട്ടിരിക്കുന്ന എല്ലാ വിധത്തിലുള്ള വികസന പ്രവർത്തനങ്ങളെയും ഈ വിജ്ഞാപനം മൂലം നിയന്ത്രിച്ചിരിക്കുന്നു. രാജ്യത്തിന്റെ മൊത്തം തീരമേഖലയെ സി.ആർ.സെഡ് I (പാരിസ്ഥിതികമായി ദുർബല പ്രദേശം), സി.ആർ. സെഡ് II (നിർമിത നഗരമേഖല), സി.ആർ.സെഡ് III (ഗ്രാമീണമേഖല), സി.ആർ.സെഡ് IV (ലക്ഷദ്വീപ്, ആന്തമാൻ നിക്കോബാർ ദ്വീപുകൾ എന്നിങ്ങനെ ഈ വിജ്ഞാപനം തരംതിരിച്ചിരിക്കുന്നു.

സി.ആർ.സെഡ് വിജ്ഞാപനം 1991 നിലവിൽ വന്നതിനുശേഷം ഇതുവരെ ഏകദേശം 25 പ്രാവശ്യം ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു. എന്നു മാത്രമല്ല സംസ്ഥാന ഗവൺമെന്റുകൾ ഉൾപ്പെടെ വിവിധ തൽപര വിഭാഗങ്ങൾ സി.ആർ.സെഡ് വിജ്ഞാപനം 1991 പ്രകാരമുള്ള നിബന്ധനകൾ നടപ്പാക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ അറിയിച്ചിട്ടുള്ളതുമാണ്.

1991-ലെ വിജ്ഞാപനം നടപ്പാക്കുന്നതു സംബന്ധമായ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി പ്രഫ. എം.എസ്. സ്വാമിനാഥൻ അധ്യക്ഷനായൊരു വിദഗ്ധ സമിതിക്ക് 2004-ൽ മന്ത്രാലയം രൂപം നൽകുകയുണ്ടായി. ഈ സമിതി അതിന്റെ പഠന റിപ്പോർട്ട് 2005 ഫെബ്രുവരിയിൽ സമർപ്പിക്കുകയും ചെയ്തു. 1991-ലെ വിജ്ഞാപനത്തിനു പകരമായി തീരപരിപാലന മേഖല സി.ആർ.സെഡ് വിജ്ഞാപനം 2008 പുറത്തിറക്കണമെന്നതായിരുന്നു ഈ സമിതിയുടെ പ്രധാന ശുപാർശ.

പിന്നീടു പുറത്തിറക്കിയ സി.ആർ.സെഡ് 2008 വിജ്ഞാപനം മൽസ്യബന്ധന മേഖലയിലെ മനുഷ്യരുടെയും പ്രാദേശിക ജനവിഭാഗങ്ങളുടെയും പക്കൽ നിന്ന് വ്യാപകമായ പരാതികൾക്കിടയാക്കുകയുണ്ടായി. ഈ പരാതികളിൽ ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾ സംബന്ധമായി പഠനം നടത്തുന്നതിന് പ്രഫ. എം.എസ്. സ്വാമിനാഥൻ അധ്യക്ഷനായി മറ്റൊരു നാലംഗ സമിതിക്ക് 2009 ജൂണിൽ മന്ത്രാലയം രൂപം നൽകുകയുണ്ടായി. ഈ സമിതിയുടെ റിപ്പോർട്ട് 'അവസാനത്തെ അതിർരേഖ' എന്ന പേരിൽ മന്ത്രാലയത്തിൽ 2009 ജൂലൈ 16-ന് ലഭിക്കുകയും ആയതിന് ഗവൺമെന്റ് അംഗീകാരം നൽകുകയും ചെയ്തു. www.moef.nic.in എന്ന വെബ്സൈറ്റിൽ ഇതു ലഭ്യമാണ്. സി.ആർ.സെഡ് 2008 കരടു വിജ്ഞാപനം ലാപ്സാകാൻ അനുവദിക്കണമെന്നും 1991-ലെ സി.ആർ.സെഡ് വിജ്ഞാപനം ശക്തിപ്പെടുത്തണമെന്നുമായിരുന്നു ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശ.

ഇതിന്റെ അടിസ്ഥാനത്തിൽ സി.ആർ.സെഡ് 1991 വിജ്ഞാപനം ശക്തിപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കാൻ മന്ത്രാലയം തീരുമാനിക്കുകയുണ്ടായി. സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളും നിലവിലുള്ള വിജ്ഞാപനത്തിലെ ഏതാനും ഘടകങ്ങൾ പരിഷ്കരിക്കണമെന്ന് (ഒഴിവാക്കണമെന്ന്) കൂട്ടിച്ചേർക്കണമെന്ന് സി.ഇ.ഇ. യുടെ ആഭിമുഖ്യത്തിൽ പൊതുജനങ്ങളുമായി നടത്തിയ കൂടിക്കാഴ്ചകളിൽ ആവശ്യമുയർത്തുന്നതും ഇത്തരം തീരുമാനത്തിന്റെ പിന്നിലുണ്ടായിരുന്നു.

## സി.ആർ.സെഡ് വിജ്ഞാപനം 1991-ൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഭേദഗതികളുടെ സംക്ഷിപ്തം

ചുവടെ പറയുന്ന ഘടകങ്ങൾ സി.ആർ.സെഡ് ഭേദഗതി വിജ്ഞാപനം 2010 മുന്നോട്ടു വയ്ക്കുന്നു.

**I. ജലമേഖലയുടെ ഉൾപ്പെടുത്തൽ :** തീരമേഖലയുടെ ജലമുഖദിശയെ 1991-ലെ വിജ്ഞാപനം അതിന്റെ നിയമപരമായ പരിഗണനയിലെടുത്തിരുന്നില്ല. തീരമേഖലയുടെയും ജലമേഖലയുടെയും പ്രവർത്തനപരമായ അഖണ്ഡതയും ജൈവവൈവിധ്യവും നിലനിർത്തുന്നതിന് ബന്ധപ്പെട്ട ജലമേഖലയ്ക്കുള്ള ധർമം തിരിച്ചറിയേണ്ടിയിരിക്കുന്നു. അതിനാൽ കടലുകളിൽ ജലദിശയിലേക്ക് 12 നോട്ടിക്കൽ മൈൽ വരെയുള്ള ദൂരവും വേലിയേറ്റയിറക്കങ്ങൾ കൊണ്ടു സ്വാധീനിക്കപ്പെടുന്ന ജലാശയങ്ങളിൽ ജലമേഖല പൂർണമായും വിജ്ഞാപനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്.

**II. ദുരന്തപഠന സംവിധാനം പരിഷ്കരിക്കേണ്ടിയിരിക്കുന്നു:** സമുദ്ര ജലനിരപ്പ് ഉയരുന്നതുപോലെയുള്ള തീരമേഖലയുമായി ബന്ധപ്പെട്ട ദുരന്തസാധ്യതകളെ 1991-ലെ വിജ്ഞാപനം കണക്കിലെടുത്തിരുന്നില്ല. വേലിയേറ്റം, തിരമാലകൾ, സമുദ്ര ജലനിരപ്പിന്റെ ഉയർച്ച, തീരമേഖലയിൽ വരുന്ന വ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ട ദുരന്തസാധ്യതകളുടെ പഠനമാണ് ഇതിൽ വരേണ്ടത്. അടിസ്ഥാന സൗകര്യങ്ങൾക്കും തീരമേഖലയിലെ ജനപദങ്ങൾക്കും മതിയായ സംരക്ഷണം ഉറപ്പു നൽകുന്നതിനുള്ള വകുപ്പുകൾ സംബന്ധിച്ചും ഇതിൽ നിർദേശങ്ങളുണ്ടായിരിക്കണം.

**III കർമ്മപദ്ധതികൾ തയാറാക്കൽ :** മലിനീകരണം ഫലപ്രദമായി തടയുന്നതിനുള്ള കർമപദ്ധതികളൊന്നും 1991-ലെ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരുന്നില്ല. സംസ്കരിക്കാത്ത പാഴ്‌വസ്തുക്കൾ, മാലിന്യങ്ങൾ, ഓടയിലെ വെള്ളം, ഖരമാലിന്യങ്ങൾ എന്നിവ ജലാശയങ്ങളിലേക്കു തള്ളുന്നത് തടയുന്നതിന് സംസ്ഥാന, കേന്ദ്രഭരണപ്രദേശങ്ങളിലെ ഗവൺമെന്റ് സമയബന്ധിതമായ കർമപദ്ധതിക്കു രൂപം നൽകണം. മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കു വേണ്ട ബജറ്റ് വിഹിതം അതതു പ്രദേശത്തെ ഗവൺമെന്റുകൾ നീക്കിവയ്ക്കേണ്ടതാണ്. ആറുമാസത്തിനുള്ളിൽ കർമപദ്ധതികൾ തയാറാക്കി മന്ത്രാലയത്തിന്റെ അനുമതിക്കായി താമസിക്കേണ്ടതും അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കേണ്ടതുമാണ്. ഇതുസംബന്ധമായ മേൽനോട്ടം സ.പി.സി.ബി. വഹിക്കേണ്ടതാണ്.

**IV മണ്ണൊലിപ്പു സാധ്യതയുള്ള പ്രദേശങ്ങളുടെ തരം തിരിവ് :** മണ്ണൊലിപ്പിനു സാധ്യതയുള്ള പ്രദേശങ്ങളിൽ തുറമുഖ വികസനം, ജലരേഖയ്ക്കു തൊട്ടടുത്ത തീരത്തെ നിർമാണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് 1991-ലെ വിജ്ഞാപനം ഒരു തരത്തിലുള്ള നിയന്ത്രണവും ഏർപ്പെടുത്തുന്നില്ല. മനുഷ്യവാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൊണ്ടാണ് മണ്ണൊലിപ്പിൽ നല്ലൊരു പങ്കും സംഭവിക്കുന്നത്. മണ്ണൊലിപ്പുമൂലം തീരമേഖലയ്ക്കുണ്ടാകുന്ന അപരിഹാര്യമായ നാശനഷ്ടം കണക്കെലെടുത്ത് തീരമേഖലയെ ആകെ "പരമാവധി മണ്ണൊലിപ്പു സാധ്യതാ മേഖല", "ഇടത്തരം സാധ്യതാ മേഖ", "സാധ്യതാ രഹിത മേഖല" എന്നിങ്ങനെ തരംതിരിക്കുന്നതിനുള്ള വകുപ്പുകൾ കൂടി ബന്ധപ്പെട്ട വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. പരമാവധി സാധ്യതാമേഖലകളിൽ ഒരു തരത്തിലുള്ള പദ്ധതികൾക്കും അനുമതി നൽകിക്കൂടാ. ഇടത്തരം സാധ്യതാ മേഖലകളിൽ സമഗ്രമായ ഇ. ഐ. എ ഏർപ്പെടുത്തേണ്ടതാണ്.

**V പുതിയ തരം തിരിവ് സമ്പ്രദായം :** സി.ആർ.സെഡ് വിജ്ഞാപനത്തിൽ നാലു തരംതിരിവുകളാണുള്ളത്. സി.ആർ.സെഡ് I (പാരിസ്ഥിതികമായി ദുർബല പ്രദേശം), സി.ആർ.സെഡ് II (നിർമിത നഗരമേഖല), സി.ആർ.സെഡ് III (ഗ്രാമീണമേഖല), സി.ആർ.സെഡ് IV (ലക്ഷദ്വീപ്, ആന്തമാൻ നിക്കോബാർ ദ്വീപുകൾ എന്നിവയാണവ. ഭേദഗതികൾ പ്രകാരം ഈ തരം തിരിവ് പരിഷ്കരിച്ചിരിക്കുന്നു. സി.ആർ.സെഡ് I (പാരിസ്ഥിതികമായി ദുർബല പ്രദേശം), സി.ആർ.സെഡ് II (നിർമിത നഗര പ്രദേശം), സി.ആർ.സെഡ് III (ഗ്രാമീണമേഖല), സി.ആർ.സെഡ് IV (ജല മേഖല) സി.ആർ. സെഡ് V (പ്രത്യേക പരിഗണന ആവശ്യമായ മേഖലകൾ എന്നിവയാണു പുതിയ തരം തിരിവിൽ വരുന്നത്. ലക്ഷദ്വീപ്, ആന്തമാൻ, നിക്കോബാർ ദ്വീപുകൾ എന്നിവയുടെ കാര്യത്തിൽ 'ദ്വീപ് സംരക്ഷണ മേഖലാ വിജ്ഞാ പനം (മാർച്ച്) 2010'എന്ന പ്രത്യേക നടപടിക്രമം ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്മേൽ പരാതികളും അഭിപ്രായനിർദേശങ്ങളും ശേഖരിച്ചുവരികയാണ്.

**VI പ്രത്യേക സന്ദർഭങ്ങൾ :** വൈവിധ്യം, സാമൂഹിക സാമ്പത്തിക പരിതോവസ്ഥകൾ, വികസന സമ്മർദ്ദം തുടങ്ങിയവ കണക്കിലെടുക്കാതെ രാജ്യത്തിനു മുഴുവനായി ഏകീക-ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താനാണ് സി.ആർ.സെഡ് വിജ്ഞാപനം ലക്ഷ്യമിടുന്നത്. എന്നിരിക്കിലും ചില പ്രത്യേക സന്ദർഭങ്ങൾക്കനുസരിച്ച് ചുവടെ പറയുന്നവയ്ക്ക് പ്രത്യേക പരിഗണന നൽകാൻ ശുപാർശയായിരിക്കുന്നു.

1. **വിശാല മുംബൈയും നവി മുംബൈയും** - രാജ്യത്തെ ഏറ്റവും ജനസാന്ദ്രതയേറിയ തീരമേഖലകളാണ് വിശാല മുംബൈയും നവി മുംബൈയും. വിവിധ തരത്തിലുള്ള വികസ പ്രവർത്തനങ്ങൾ നിമിത്തം കടുത്ത സമ്മർദ്ദത്തെയാണ് ഈ പ്രദേശത്തെ തീരമേഖല നേരിടുന്നത്. തീരമേഖലയിലേക്ക് അതിക്രമിച്ചു നിൽക്കുന്ന ചേരികളിലാണ് മുംബൈയിലെ ജനസംഖ്യയുടെ നല്ലൊരു പങ്ക് കഴിഞ്ഞു കൂടുന്നത്. ഈ ചേരികൾ തീരമേഖലയുടെ മലിനീകരണത്തിനിടയാക്കുന്നുവെന്നു മാത്രമല്ല, തീരരേഖയുമായുള്ള സാമീപ്യം നിമിത്തം ദുരന്തഭീഷണിയിലുമാണ്. തീരരേഖയിൽ നിന്ന് 500 മീറ്ററിനുള്ളിൽ ഏറെക്കുറേ 136 ചേരികളാണ് നിലവിലുള്ളത്. ജൈവവേലിയായി പ്രവർത്തിക്കാവുന്ന വിശാലമായ കണ്ടൽമേഖലയും മുംബൈയ്ക്കും നവി മുംബൈയ്ക്കും സ്വന്തമായുണ്ട്. വ്യാവസായിക മാലിന്യങ്ങളുൾപ്പെടെയുള്ള മുഴുവൻ നഗര മാലിന്യങ്ങളും കടലിലേക്കും കടലിടുക്കുകളിലേക്കും തള്ളുകയാണിവിടെ ചെയ്യുന്നത്. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ കണക്കിലെടുക്കുമ്പോൾ മുംബൈയ്ക്കും നവി മുംബൈയ്ക്കുമായി പ്രത്യേക പദ്ധതി ആവശ്യമായി വരുന്നു. സ്വാമിനാഥൻ സമിതി റിപ്പോർട്ടിൽ നിർദേശിക്കുന്നതുപോല ഏതാനും പ്രത്യേക മേഖലകളിൽ ഏതാനും പ്രത്യേക കെട്ടിടങ്ങളുടെ പുനർവികസനത്തിന് പുതിയ സി.ആർ.സെഡ് അനുമതി നൽകുന്നതാണ്. ഭവന നിർമ്മാണത്തിന് പൊതുമേഖലയ്ക്കു പണം ലഭ്യമാക്കുകയെന്ന ഉപാധിയോടെ സി.ആർ.സെഡ് മേഖലകളിൽ സ്വകാര്യ നിർമ്മാതാക്കളെ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പദ്ധതികൾ പരിഗണിക്കുന്നതാണ്.

2. **കേരളം-** കായൽ മേഖലയിൽ മുന്നൂറിലധികം ദ്വീപുകൾ സ്ഥിതി ചെയ്യുന്ന കേരളത്തിന് വളരെ തനതായ തീരദേശ പരിസ്ഥിതിയാണുള്ളത്. മറുവകാട്, ചള്ളക്കടവ്, കണ്ടക്കടവ്, പുത്തൻതോട്, കണ്ണമാലി, ചെറിയ കടവ്, കാട്ടിപ്പറമ്പിൽ തുടങ്ങിയ ഇത്തരം ദ്വീപുകൾ/കരപ്രദേശങ്ങൾ ജനങ്ങൾ തിങ്ങിപ്പാർക്കുന്നവയുമാണ്. ഒരു ചതുരശ്രകിലോമീറ്ററിൽ 2150 ജനങ്ങൾ എന്നതാണ് ഈ പ്രദേശങ്ങളുടെ ജനസാന്ദ്രത. തീരരേഖ മുതൽ 200 മീറ്റർവരെയുള്ള ഭാഗത്ത് യാതൊരു തരത്തിലുള്ള നിർമാണ പ്രവർത്തനങ്ങളും അനുവദിക്കാത്ത വികസന നിരോധിത മേഖലകളായ സി.ആർ.സെഡ് I സി.ആർ.സെഡ് III എന്നിവയിലാണ് വിജ്ഞാപന പ്രകാരം ഈ മേഖലകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ മേഖലയിൽ വാസഗൃഹങ്ങളുടെ നിർമാണം അനുവദിക്കുന്ന വിധത്തിൽ നിയന്ത്രണത്തിൽ ഇളവ് അനുവദിക്കണമെന്ന് ഈ പ്രദേശങ്ങളിലെ തദ്ദേശവാസികൾ സംസ്ഥാന ഗവൺമെന്റിനോടും വനം-പരിസ്ഥിതി മന്ത്രാലയത്തോടും ആവശ്യപ്പെട്ടു വരുന്നതാണ്. ഈ തരത്തിൽ പെട്ട നിരവധി കോടതി വ്യവഹാരങ്ങളും നിലവിലുണ്ട്. മേൽപ്പറഞ്ഞ ബുദ്ധിമുട്ടുകളും കേരളത്തിന്റെ സവിശേഷമായ ഭൂമിശാസ്ത്രപരമായ സാഹചര്യവും കണക്കിലെടുത്ത് കായൽ തീരങ്ങളിൽ 'വികസന നിരോധിത മേഖല' അമ്പതു മീറ്ററായി പരിമിതപ്പെടുത്തുന്ന പുതിയ പദ്ധതി കേരളത്തിനു മാത്രമായി നിലവിൽ വരുന്നതാണ്.

3. **സുന്ദർബൻസും മറ്റു പാരിസ്ഥിതിക പ്രാധാന്യമുള്ള മേഖലകളും-** രാജ്യത്തെ ഏറ്റവും വിശാലമായ കണ്ടൽക്കാട് മേഖലകളിലൊന്നായ സുന്ദർബൻസ് അതിന്റെ ദൈവ മേഖലയിൽ അഞ്ചു ലക്ഷത്തിലധികം ജനങ്ങൾക്ക് ആവാസസൗകര്യമൊരുക്കുകയും ചെയ്യുന്നു. സമുദ്രജലനിരപ്പ് ഉയരുന്നതിന്റെ ഭീഷണി നേരിടുന്ന പ്രദേശമാണിത്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നിമിത്തമുള്ള അസൗകര്യങ്ങളാണ് പ്രാദേശിക ജനവിഭാഗങ്ങൾ നേരിടുന്നത്. സുന്ദർബൻസിനും അതേ പാരിസ്ഥിതിക സ്വഭാവമുള്ള പ്രദേശങ്ങളായ ഗുജറാത്തിലെ കച്ച് കടലിടുക്ക്, ഖംബട്ട് കടലിടുക്ക്, മഹാരാഷ്ട്രയിലെ മാൽവാൻ, വാസിമനോറി, കർണാടകത്തിലെ വേമ്പനാട്, ഒറീസയിലെ ബൈത്കണിക, കോറിഗാം, ആന്ധ്രപ്രദേശിലെ കിഴക്കൻ ഗോദാവരി, കൃഷ്ണ എന്നിവയ്ക്കുമായി സമഗ്രമായ പരിപാലന പദ്ധതിക്കു രൂപം നൽകുന്നതാണ്. അപകടകരമാം വിധം കടന്നുകയറ്റ സാധ്യതയുള്ള മേഖലകളായി ഇവയെ വേർതിരിച്ചു നിർത്തുകയും അവയ്ക്കായി സംയോജിത പരിപാലന പദ്ധതി പ്രാദേശിക ജനസമൂഹമായുള്ള കൂടിയാലോചനകൾക്കുശേഷം രൂപപ്പെടുത്തുന്നതുമാണ്.

**4. ഗോവ**-തീരദേശം, ഇടനാടൻ കുന്നിൻ പ്രദേശം, പശ്ചിമഘട്ടം എന്നിങ്ങനെ മൂന്നു മേഖലകളായി ഗോവാ സംസ്ഥാനം വിഭജിക്കപ്പെട്ടിരിക്കുന്നു. പശ്ചിമ ഘട്ടത്തോടു ചേർന്നുവരുന്ന ഇടനാടൻ കുന്നിനു പ്രദേശം ഇപ്പോൾ ഖനന പ്രവർത്തനങ്ങളുടെ മേഖലയാണ്. അതേസമയം പശ്ചിമഘട്ടം അപ്പാടെ ജൈവ വൈവിധ്യ ഹോട്ട് സ്പോട്ട് പ്രദേശങ്ങളിൽ ഒന്നായി പ്രഖ്യാപിക്കപ്പെട്ട വന്യജീവി സംരക്ഷണ നിയമം 1972 പ്രകാരം സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അതിനാൽ സുസ്ഥിര വികസനവും തീരമേഖലയുടെ പാരിസ്ഥിതിക സംരക്ഷണവും തീരമേഖലയുടെ പാരിസ്ഥിതിക സംരക്ഷണവും ഉറപ്പാക്കുന്ന വിധത്തിൽ കടുത്ത നിബന്ധനകൾ സഹിതം ഗോവ സംസ്ഥാനത്തിനു മാത്രമായി പ്രത്യേക പദ്ധതിക്കു രൂപം നൽകേണ്ടതുണ്ട്. മത്സ്യബന്ധനവും അനുബന്ധ പ്രവർത്തനങ്ങളുമാണ്. തീരമേഖലയിലെ ജനവിഭാഗങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗം അവരുടെ നിലനിൽപിനും ജീവസന്ധാരണത്തിനുമായി മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്ക് സവിശേഷമായ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്.

**VII. ജൈവ കരുതൽ മേഖലകൾക്കു പ്രത്യേക പദ്ധതി :** സുന്ദർബൻസ്, ചിൽക്ക, മാന്നാർ കടലിടുക്ക്. പീച്ചവാരം, ബീഠർ കണിക തുടങ്ങി ഗണ്യമായ തോതിൽ ജനവാസമുള്ള മേഖലകൾ സവിശേഷ പ്രാധാന്യമുള്ള ജൈവകരുതൽ മേഖലകളാണ്. ഈ മേഖലകളെ 1991-ലെ വിജ്ഞാപനം സി.ആർ.സെഡ് I (i) വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ എല്ലാത്തരത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും നിലവിൽ വിലക്കുണ്ട്. ഏതാനും അടിസ്ഥാന സൗകര്യ വികസനത്തിനായി ഇവയിൽ സുന്ദർ ബൻസിനു മാത്രം പ്രത്യേകാനുമതി നൽകിയിരുന്നു. ഈ പ്രത്യേകാനുമതി മേൽപ്പറഞ്ഞ മറ്റു ജൈവകരുതൽ മേഖലകൾക്കു കൂടു ബാധകമാകുന്നതാണ്.

**VIII. മുംബൈയിലെ ചില കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി താങ്ങുകാലുകളിൽ റോഡു നിർമ്മാണം:** മുംബൈ, നവി മുംബൈ, ഗോവ തുടങ്ങി സി.ആർ.സെഡ് II-ൽ ഉൾപ്പെടുത്തിയിരിക്കുന്ന നഗര മേഖലകളിൽ വൻതോതിൽ കണ്ടൽക്കാടുകൾ നിലവിലുള്ളതാണ്. നഗര സംബന്ധമായ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പേരിൽ ഈ കണ്ടൽക്കാടുകൾ ക്രമ ബദ്ധമായി നിശ്ചയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഉപരിതല റോഡുകളുടെ നിർമാണത്തിനുവേണ്ടിയാണ് പലപ്പോഴും ഇതു സംഭവിക്കുന്നത്. കണ്ടൽക്കാടുകളുടെ വളർച്ചയെയോ വേലിയേറ്റയിറക്കങ്ങളെയോ തടയാത്ത വിധത്തിൽ താങ്ങുകാലുകളിന്മേൽ ഇവിടെ റോഡുകൾ നിർമിക്കുന്നതിന് ഭേദഗതികൾ മൂലം അനുമതി ലഭ്യമാകുന്നു.

**IX അനുമതി നൽകുന്നതിനുള്ള അന്തി തീയതി:** അനുവദനീയമായ പ്രവൃത്തികൾ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളൊന്നു സി.ആർ.സെഡ് വിജ്ഞാപനം മുന്നോട്ടു വയ്ക്കുന്നതേയില്ല. ഇതു മൂലം ജനങ്ങൾക്കും വിവിധ പദ്ധതി മേധാവികൾക്കും ഏറെ ബുദ്ധിമുട്ടാണുണ്ടാകുന്നത്. അനുമതി നൽകുന്നതിന് കൃത്യമായ കാലാവധിയും നിശ്ചയിക്കപ്പെട്ടിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി നടപടി ക്രമങ്ങൾ നിശ്ചയിക്കുകയും അവയ്ക്കാവശ്യമായ രേഖകൾ, റിപ്പോർട്ടുകൾ പഠനങ്ങൾ, മാപ്പുകൾ, ഫാറങ്ങൾ എന്നിവ ഏതെന്നും അവ തയാറാക്കുന്ന വിധം എങ്ങനെയെന്നും അനുമതി നേടേണ്ട വിധം എങ്ങനെയെന്നും വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. ആവശ്യമായ എല്ലാ വിവരങ്ങളും രേഖകളും ലഭിച്ചുകഴിഞ്ഞ് 45 ദിവസത്തിനുള്ളിൽ സംസ്ഥാനതല തീരമേഖലാ പരിപാലന അതോറിറ്റി അതിനുമേൽ നടപടിയെടുക്കേണ്ടതും അതിനു പ്രകാരം വനം പരിസ്ഥിതി മന്ത്രാലയത്തിലെത്തുന്ന അപേക്ഷകൾക്ക് തുടർന്നുള്ള അറുപതു ദിവസത്തിനുള്ളിൽ അനുമതി നൽകേണ്ടതുമാണെന്ന് സമയക്രമം നിശ്ചയിച്ചിരിക്കുന്നു.

**X അനുമതിക്കുള്ള നടപടിക്രമങ്ങൾ ഇ. ഐ. എ. 2006 നിബന്ധനകൾ പ്രകാരമായിരിക്കുക:** 1991-ലെ വിജ്ഞാപന പ്രകാരം അഞ്ചുകോടി രൂപയിൽ കവിയാത്ത ഭവന നിർമാണ പദ്ധതികൾക്ക് സംസ്ഥാന തലത്തിലും അതിനുമേൽ അടങ്കൽ തുകയുള്ള ഭവന നിർമാണ പദ്ധതികൾക്ക് മന്ത്രാലയം തലത്തിലുമാണ് അനുമതി നൽകേണ്ടത്. എന്നാൽ ഇതിന് യാതൊരു ശാസ്ത്രീയമായ അടി

ത്തറയുമില്ല. ഇ.ഐ.എ. 2006 പിന്തുടരുന്ന അതേ നടപടിക്രമങ്ങൾ തന്നെയായിരിക്കും പുതിയ നിയന്ത്രണ സംവിധാനത്തിലും പിന്തുടരുക. ഇതിൻ പ്രകാരം 20000 ചതുരശ്ര മീറ്ററുകൾക്കു മേൽ വിസതീർണമുള്ള ഭവന നിർമാണ പദ്ധതികൾ ഇ. ഐ. എ. വിജ്ഞാപനം 2006 പ്രകാരമായിരിക്കും പരിഗണിക്കും. സംസ്ഥാനതല തീരദേശ മേഖലാ പരിപാലന അതോറിറ്റിയുടെ ശുപാർശ പ്രകാരം ഇവയ്ക്ക് സംസ്ഥാന പാരിസ്ഥിതിക പ്രത്യാഘാത അവലോകന സമിതി അനുമതി നൽകുകയും ചെയ്യും. എന്നാൽ 20000 ചുത്രശ്ര മീറ്ററിൽ കുറവു വിസ്തൃതിയുള്ള പദ്ധതികൾ അതതു സംസ്ഥാന തീരദേശമേഖലാ പരിപാലമ അതോറിറ്റിയായിരിക്കും പരിഗണിക്കുക. സംസ്ഥാന തലത്തിലുള്ള നഗര/പഞ്ചായത്ത് വകുപ്പായിരിക്കും ഇവയ്ക്ക് അനുമതി നൽകുക.

**XI അനുമതിക്കു ശേഷമുള്ള മേൽനോട്ടം:** പദ്ധതികൾക്ക് അനുമതി നൽകിയ ശേഷമുള്ള മേൽനോട്ടത്തിന് നിലവിൽ കാര്യമായ ഊന്നൽ നൽകിയിട്ടില്ല. മേൽനോട്ടത്തിനും സുതാര്യമായി നിബന്ധനകൾ പാലിക്കുന്നത് ഉറപ്പ് വരുത്തുന്നതിനും കൃത്യമായ നടപടിക്രമെ ഏർപ്പെടുത്തുന്നതാണ്.

**XII നിർവഹണ സംബന്ധമായ പുതിയ വകുപ്പുകൾ:** നിർവഹണപരമായ കാര്യങ്ങൾക്ക് 1991 -ലെ വിജ്ഞാപനം ആവശ്യമായ ഊന്നൽ നൽകുന്നില്ല. എല്ലാത്തരത്തിൽ പെട്ട ലംഘനങ്ങളും സമയ സംബന്ധിതമായ രീതിയിൽ കണ്ടെത്തുന്നതിനും അതിൻ പ്രകാരം തീരദേശ പരിപാലന അതോറിറ്റി നടപടികൾ ആരംഭിക്കുന്നതിനുമുള്ള അവശ്യ വകുപ്പുകൾ പുതിയ ഭേദഗതികളിൽ ഉൾപ്പെടുത്തുന്നതാണ്. പരിസ്ഥിതി (സംരക്ഷണ) നിയമം 1986 പ്രകാരം സംസ്ഥാന തല തീരദേശ പരിപാലന അതോറിറ്റിക്കും കേന്ദ്രതല തീരദേശ പരിപാലന അതോറിറ്റിക്കുമുള്ള അധികാര വിഭജനവും പുതിയ ഭേദഗതികളിൽ ഉൾപ്പെടുന്നു.

**XIII തീരദേശ പരിപാലന പദ്ധതികളുടെ തയാറാക്കൽ :** ഇത്തരം പദ്ധതികൾ തയാറാക്കുന്നതുമായി ബന്ധപ്പെട്ട് 1991-ലെ വിജ്ഞാപന പ്രകാരം കൃത്യമായ മാർഗരേഖകൾ. രേഖപ്പെടുത്തൽ സമ്പ്രദായം, രേഖപ്പെടുത്തൽ തോത്, ക്രമം, അവലോകന സമ്പ്രദായം, അടിസ്ഥാന ബോധ്യപ്പെടൽ എന്നിവയ്ക്ക് പരിഗണന നൽകിയിട്ടില്ല. പ്രാദേശിക ജനപദങ്ങൾക്ക് ഇതുമൂലം ഏറെ ബുദ്ധിമുട്ട് നേരിടേണ്ടതായി വന്നിട്ടുണ്ട്. അതിനാൽ 27-09-1996-ലെ സുപ്രീം കോടതിയുടെ ഉത്തരവിനു വിധേയമായിരിക്കുന്ന വിധത്തിലും തീരദേശ പരിപാല പദ്ധതികൾക്കു രൂപം നൽകുന്നതിനുമായി കൃത്യമായ മാർഗരേഖകൾ പുറപ്പെടുവിക്കുന്നതാണ്. ഏതെങ്കിലും സംസ്ഥാനം തീരദേശ പരിപാലന പദ്ധതിക്കു രൂപം നൽകാതിരിക്കുകയോ അതിനു വിമുഖത കാണിക്കുകയോ ചെയ്താൽ നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ സോൺ മാനേജ്മെന്റ് പോലെയുള്ള ശാസ്ത്രീയ ഏജൻസികൾക്ക് ആവശ്യമായ സാങ്കേതികവും ധനപരവുമായ സഹായമെത്തിച്ച് മന്ത്രാലയം നേരിട്ട് അതതു സംസ്ഥാനത്തിനായുള്ള പദ്ധതികക്ക് രൂപം നൽകുന്നതാണ്.

**XIV ഇരട്ടിപ്പ് ഒഴിവാക്കൽ:** സി.ആർ.സെഡ് വിജ്ഞാ പനം 1991, പാരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ വിജ്ഞാപനം 2006 എന്നിവ ഒരുപോലെ ബാധകമായ തുറമുഖങ്ങൾ, കപ്പൽ സങ്കേതങ്ങൾ, ഭവന നിർമ്മാണ പദ്ധതികൾ തുടങ്ങിയവയ്ക്ക് രണ്ടു തരത്തിലുള്ള അനുമതി ആവശ്യമായി വരുന്ന സന്ദർഭം നിലവിലുണ്ട്. ഈ നടപടിക്രമം യുക്തി സഹമാക്കാൻ ഇത്തരം പദ്ധതികൾക്ക് സംസ്ഥാനതല തീരദേശ പരിപാലന അതോറിറ്റിയുടെ ശുപാർശ ലഭിച്ചതിനുശേഷം മാത്രമേ ഇ. ഐ.എ വിജ്ഞാപന പ്രകാരമുള്ള അനുമതി നൽകൂ. ഇ.ഐ.എ വിജ്ഞാപനം ബാധകമല്ലാത്ത പദ്ധതികൾ സി.ആർ.സെഡ് വിജ്ഞാപന പ്രകാരമുള്ള അനുമതി മാത്രം മതിയാകുന്നതാണ്.

**XV മത്സ്യബന്ധന ജനവിഭാദങ്ങൾക്കു സൗകര്യങ്ങൾ :** പരമ്പരാഗത മത്സ്യ ബന്ധനത്തൊഴിലാളികൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഭേദഗതി പ്രകാരം പരിഹരിക്കുന്നതാണ്. മീൻ ഉണ്ടാക്കുന്നതിനുള്ള നിർമിതികൾ, ലേലഹാളുകൾ, വല നന്നാക്കൽ കെട്ടിടങ്ങൾ, വള്ളം നിർമാണശാലകൾ, ഐസ് പൊട്ടിക്കൽ യൂണിറ്റുകൾ, മീൻ സംസ്കരണ സൗകര്യങ്ങൾ എന്നിവ സി. ആർ.സെഡ് III പ്രകാരം വരുന്ന വികസന നിരോധിത മേഖലകളിലും അനുവദിക്കുന്നതാണ്.

**XVI വെബ് സൈറ്റിന്റെ രൂപീകരണവും നിലനിർത്തലും :** തീരദേശ പരിപാലന അതോറിറ്റികളും പ്രവർത്തനം സുതാര്യമാക്കേണ്ട ഉത്തരവാദിത്വം ഇത്തരം അതോറിറ്റികൾക്കു തന്നെയുള്ളതാണ്. അതിനാൽ അതോറിറ്റികൾ സ്വന്തമായി വെബ്സൈറ്റ് നിർമിക്കേണ്ടതും അജണ്ട, യോഗ കാര്യക്രമം, തീരുമാനങ്ങൾ, അനുമതി പത്രങ്ങൾ, ലംഘനങ്ങൾ, ശിക്ഷാനടപടികൾ, കോടതി വ്യവഹാരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

**XVII ഭാഷ മെച്ചപ്പെടുത്തൽ:** 1991-ലെ വിജ്ഞാപനം കൂടുതൽ വായനാ സൗഹൃദപരമാക്കി സാധാരണ ജനങ്ങൾക്കു മനസിലാകുന്ന വിധത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.